"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.സുശീല കുഞ്ഞമ്മ കുറുപ്പിന് ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.3013/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 28.07.2025 തീയതി നടന്ന സാധാരണ യോഗത്തിലെ 2(1)-ാം നമ്പർ തീരുമാനം.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2025 തീയതിയിലെ LSGD/PD/28761/2025-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുശീല കുഞ്ഞമ്മ കുറുപ്പ് എന്നവർക്ക് വാഹനാപകടത്തിൽ പരിക്കുകളോട് ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, അടൂർ ലൈഫ് ലൈൻ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ചികിത്സ നടത്തിയതിൽ ചെലവായ തുകയായ **3,00,000/-** (മൂന്നു ലക്ഷം രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി സുശീല കുഞ്ഞമ്മ കുറുപ്പ് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയുടെ 70% തുകയായ 2,10,000/-രൂപ (രണ്ടു ലക്ഷത്തി പതിനായിരം രൂപ മാത്രം) ഭാവിയിൽ ക്രമപ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷക ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ് /സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/200/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
സെക്ഷൻ ഓഫീസർ
Date: 22-12-2025 12:32:38

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.